സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ദേവസ്വം ബോർഡ് ഹെഡ്ക്വാർട്ടേഴ്സ്, നന്തൻകോട്, തിരുവനന്തപുരം-695003
ഇ-മെയിൽ secretarytdbtvm@gmail.com

ആർ.ഒ.സി. നമ്പർ 1287/22/സ്യൂട്ട്

ദേവസ്വം ബോർഡാഫീസ്,
തിരുവനന്തപുരം,24.02.2022

## സർക്കുലർ

**വിഷയം:-ലാന്റ് ട്രൈബ്യൂണൽ മുമ്പാകെയുള്ള കേസ്സുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് ബഹു. കേരളാ ഹൈക്കോടതിയുടെ 15.12.2021 തീയതിയിലെ ഡബ്ല്യൂ.പി(സി) നമ്പർ 8851/2020 കേസിലെ ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ച്**

വിവിധ ലാന്റ് ട്രൈബ്യൂണലുകൾ മുമ്പാകെ ക്ഷേത്ര ഭൂമികൾ പതിച്ച് നല്കുന്നതിനായി ഫയൽ ചെയ്യപ്പെട്ടിട്ടുള്ള കേസുകളിൽ (പതിവ് അപേക്ഷകളിൽ) എതിർകക്ഷികളെ കക്ഷി ചേർക്കുന്നത് സംബന്ധിച്ച് ബഹു. കേരളാ ഹൈക്കോടതി ഡബ്ല്യൂ.പി(സി) നമ്പർ 8851/2020 നമ്പർ കേസിൽ 15.12.2021 തീയതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഈ ഉത്തരവിൽ മലബാർ ദേവസ്വം ബോർഡ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ് എന്നിവയുടെ വസ്തുക്കളിൽ ഭൂപരിഷ്കരണ നിയമപ്രകാരമുള്ള പതിവ് അപേക്ഷകൾ കൈകാര്യം ചെയ്യുന്ന ലാന്റ് ട്രൈബ്യൂണലുകൾ ടി ദേവസ്വങ്ങൾക്ക് വേണ്ടി അതാത് സെക്രട്ടറിമാർക്ക് നോട്ടീസ് നൽകണമെന്നും, അപ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥന് നോട്ടീസ് നൽകാതെ ദേവസ്വം ഭൂമിയിൽ ഉള്ള പതിവ് കേസുകൾ കൈകാര്യം ചെയ്യരുതെന്നും ഉത്തരവായിട്ടുള്ളതാകുന്നു.

(മറുപുറം)

ബഹു. കേരളാ ഹൈക്കോടതിയുടെ ഈ ഉത്തരവ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ക്ഷേത്രങ്ങളുടെ ഭൂമികൾ സംബന്ധിച്ച് നിലവിലുള്ളതും പുതിയതുമായ ഹർജി അപേക്ഷകൾ പരിഗണിക്കുമ്പോൾ ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം ദേവസ്വം ബോർഡിന് വേണ്ടി ബോർഡ് സെക്രട്ടറിയെ കക്ഷി ചേർത്തിട്ടുണ്ടോ എന്ന് എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരും, സബ്ഗ്രൂപ്പ് ആഫീസർമാരും പരിശോധിച്ച് ഉറപ്പ് വരുത്തി അല്ലാത്തവയുടെ വിവരം ബോർഡിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ദേവസ്വം ബോർഡിന് വേണ്ടി,

Gayathri

സെക്രട്ടറി

പകർപ്പ്:-

1. ദേവസ്വം കമ്മീഷണർ
2. സ്പെഷ്യൽ തഹസിൽദാർ, ഭൂസംരക്ഷണം
3. ലാന്റ് സ്പെഷ്യൽ ആഫീസർ
4. അസിസ്റ്റന്റ് സെക്രട്ടറി 'ജി' സെക്ഷൻ
5. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ
6. ഇ.ഡി.പി സെക്ഷൻ
7. ഫയൽ